# അനുബന്ധം - V

## വൈകി ലഭ്യമായ ഉത്തരങ്ങൾ

### (1617) ജനപ്രതിനിധികൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികൾ പോലീസ് ഡയറക്ടർ ജനറലിനും മറ്റ് പോലീസ് അധികാരികൾക്കും നൽകുന്ന കത്തുകൾക്കും പരാതികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം മറുപടി നൽകാറുണ്ടോ;

(ബി) എങ്കിൽ ഇത്തരം കത്തുകളോ പരാതികളോ ലഭിച്ച് എത്ര ദിവസത്തിനകം മറുപടി നൽകാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മറുപടി നൽകാറില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇത്തരം കത്തുകൾക്കും അപേക്ഷകൾക്കും യഥാസമയം മറുപടി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ജനപ്രതിനിധികൾ നൽകുന്ന കത്തുകൾക്കും പരാതികൾക്കും മുൻഗണന നൽകി തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ജനപ്രതിനിധികൾ പോലീസ് അധികാരികൾക്ക് നൽകുന്ന കത്തുകൾക്കും പരാതികൾക്കും പ്രാധാന്യം നൽകി അവയ്ക്ക് യഥാസമയം തന്നെ മറുപടി നൽകാറുണ്ട്.

(ബി) ജനപ്രതിനിധികൾ നൽകുന്ന പരാതികളിൽമേൽ താമസംവിനാ അന്വേഷണവും, മറ്റുനടപടികൾ ആവശ്യമാണെങ്കിൽ അവയും പൂർത്തിയാക്കി കാലതാമസം കൂടാതെ മറുപടി നൽകാറുണ്ട്.

(സി)&(ഡി) ജനപ്രതിനിധികൾ നൽകുന്ന കത്തുകളും പരാതികളും മുൻഗണന നൽകി തീർപ്പാക്കിവരുന്നുണ്ട്. എം.പി. മാരിൽനിന്നും എം.എൽ.എ മാരിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾ എത്രയും പെട്ടെന്ന് തീർപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

### (1618) പോലീസ് സ്റ്റേഷൻ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 8 മണിക്കൂർ പ്രവൃത്തി സമയം ആക്കിയ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്; അത് എവിടെയൊക്കെയാണ്; ഈ പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര മാതൃകാപോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. അത് എവിടെയൊക്കെയാണ്; പോലീസ് സ്റ്റേഷനുകളിൽ പകൽസമയ പാറാവ് ഒഴിവാക്കി റിസപ്ഷൻ കൗണ്ടർ സമ്പ്രദായം നടപ്പാക്കിയ

LIBRARY ARCHIVES Kerala Legislative Assembly